**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **06-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ സാംസ്കാരിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനറ്റോറിയത്തോട് ചേർന്നുള്ള സ്ഥലത്ത് കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ, എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി പ്രകാരം, ആലപ്പുഴ ജില്ലയിൽ ശ്രീ. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സമുച്ചയ നിർമ്മാണത്തിന് ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ. 18, റി-സർവ്വേ നമ്പർ. 30-ൽ നൂറനാട് ലെപ്രസി സാനിട്ടോറിയം പ്രവർത്തിച്ചിരുന്ന സ്ഥലത്ത് നിന്നും 5 ഏക്കർ ഭൂമി ആരോഗ്യ വകുപ്പ് വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പമ്പ ഇറിഗേഷൻ പ്രോജക്റ്റ് (പി.ഐ.പി) വക റീസർവ്വേ നമ്പർ 556/14 - ൽപ്പെട്ട 30 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർ മുന്നോട്ട് വച്ച വ്യവസ്ഥകൾ സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നിർദ്ദിഷ്ട സ്ഥലത്ത് നടപ്പിലാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ